"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ ആയി സേവനമനുഷ്ഠിച്ച വരവേ മരണപ്പെട്ട ഇ.വി.വിശ്വജയന്തിയുടെ കുടുംബ പെൻഷൻ, മറ്റ് സേവന ആനുകൂല്യങ്ങൾ, ഗ്രൂപ്പ് പേർസണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം എന്നിവ ലഭിച്ചിട്ടില്ലെന്ന് കാണിച്ച് ടിയാളുടെ അനന്തരാവകാശികൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 21305/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ അന്തിമ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.449/2026/LSGD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-
1. ബഹു.കേരള ഹൈക്കോടതിയുടെ 01.07.2025 തീയതിയിലെ WP(C) 21305/2025 നമ്പർ കേസിലെ വിധിന്യായം.
2. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ /10/2025 തീയതിയിലെ GE4/3737747/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വിഴിഞ്ഞം സോണൽ ഓഫീസിൽ ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ ആയി സേവനമനുഷ്ഠിച്ച വരവേ 25.02.2020 ൽ മരണപ്പെട്ട ഇ.വി.വിശ്വജയന്തിയുടെ കുടുംബ പെൻഷൻ, മറ്റ് സേവന ആനുകൂല്യങ്ങൾ, ഗ്രൂപ്പ് പേർസണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം എന്നീ ആനുകൂല്യങ്ങൾ എന്നിവ നാളിതുവരെ ലഭിച്ചിട്ടില്ലെന്ന് കാണിച്ച് ടിയാളുടെ അനന്തരാവകാശികൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 21305/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ പരാമർശം (1) പ്രകാരമുള്ള വിധിന്യായ പ്രകാരം ബഹു. കോടതി കേസിലെ 1-ഉം 4-ഉം എതിർ കക്ഷികളായ സർക്കാരും തിരുവനന്തപുരം കോർപറേഷനും പരാതിക്കാരെ നേരിൽ കേൾക്കുവാനും 3 മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുവാനും നിർദ്ദേശിച്ചിരുന്നു.

2) പ്രസ്തുത വിധിന്യായപ്രകാരം, കേസിലെ ഹർജിക്കാരെ തദ്ദേശ സ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 10.10.2025 ന് നേരിൽ കേട്ടിരുന്നു. വിഷയം സംബന്ധിച്ച് തിരുവനന്തപുരം കോർപറേഷൻ സമർപ്പിച്ചിട്ടുള്ള പരാമർശം (2) റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ നിയമിക്കപ്പെട്ടവർക്കും തുടർച്ചയായി ജോലി ചെയ്തിരുന്നവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരെ സ.ഉ (എം.എസ്) നം.170/10/തസ്വഭവ തീയതി 06/08/2010, സ.ഉ(എം.എസ്) നം.140/2014/തസ്വഭവ തീയതി 02/08/2014 എന്നീ ഉത്തരവുകൾ പ്രകാരം പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി 03/05/2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിരുന്നു. തുടർന്ന് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ട ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ 35 ശതമാനം തസ്തികകൾ ഫുൾ ടൈം

കണ്ടിജന്റ് തസ്തികകളായി ഉയർത്തി അവരുടെ നിലവിലുള്ള സ്ഥാപനങ്ങളിൽ തുടരാൻ അനുവദിക്കുകയും ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. തിരുവനന്തപുരം നഗരസഭയിൽ 23.12.2019 മുതൽ ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചറായി സേവനമനുഷ്ഠിച്ചിരുന്ന വിശ്വജയന്തി ഇ.വി 03.05.2010 തീയതിയിൽ പാർട്ട് ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും സേവനത്തിലിരിക്കെ 25.02.2020 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതുമാണ്. സേവനപുസ്തക പ്രകാരം ജനന തീയതി 01.06.1971 ഉം പെൻഷൻ ആകേണ്ടിയിരുന്ന തീയതി 31.05.2031 ഉം ആണ്. ടിയാൾ 9 വർഷം 7 മാസം 20 ദിവസം പാർട്ട് ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലും 2 മാസം 2 ദിവസം ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലും സേവനം അനുഷ്ഠിച്ചിരുന്നു.

4. മരണപ്പെട്ട ഇ.വി.വിശ്വജയന്തിയുടെ പേരിൽ തിട്ടപ്പെടുത്തിയ ബാധ്യതകൾ ഒന്നും ഇല്ലാത്തതിനാൽ അർഹമായ DCRG തുകയായ 2,87,040/- രൂപ (രണ്ട് ലക്ഷത്തി എൺപത്തി ഏഴായിരത്തി നാൽപത് രൂപ മാത്രം) ടിയാളുടെ മക്കൾ ശ്രീ.അജിൻ എ.വി, ശ്രീ.അഭിൻ എ.വി എന്നിവർ സമർപ്പിച്ച Affidavit cum No Objection ന്റെ അടിസ്ഥാനത്തിൽ വിശ്വജയന്തിയുടെ ഭർത്താവായ ശ്രീ.അനിൽ കുമാർ എ.ഡി. ക്ക് 24.05.2022 തീയതിയിൽ അനുവദിച്ച് ഉത്തരവായിരുന്നു. കൂടാതെ 26.02.2020 മുതൽ ഫാമിലി പെൻഷൻ 1800/- രൂപ നിരക്കിൽ അനുവദിച്ചു വരുന്നുവെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

5. മരണപ്പെട്ട ഇ.വി.വിശ്വജയന്തിയുടെ ശമ്പളം ഉൾപ്പെടെയുള്ള സേവന വേതന വ്യവസ്ഥകൾ വിഴിഞ്ഞം മേഖല ഓഫീസിലാണ് കൈകാര്യം ചെയ്തു വന്നിരുന്നത്. ടിയാൾ വാഹനാപകടത്തിൽ മരണപ്പെട്ടിട്ടുള്ളതിനാൽ GPAIS ക്ലെയിം തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ടിയാളുടെ ഭർത്താവ് ശ്രീ.അനിൽ കുമാർ എ.ഡി അപേക്ഷ സമർപ്പിച്ചിരുന്നു. 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും GPAIS പ്രീമിയം തുക കുറവ് വരുത്തിയിട്ടില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്തിരുന്നു. ഇ.വി.വിശ്വജയന്തി യുടെ 2018 ജനുവരി മാസം മുതൽ 2020 ഡിസംബർ മാസം വരെയുള്ള മൂന്ന് വർഷത്തെ ശമ്പള ബില്ലുകളും മറ്റ് ഫയലുകളും പരിശോധിച്ചതിൻ പ്രകാരം ടിയാൾക്ക് മുഴുവൻ ശമ്പള തുകയും നൽകിയിട്ടുണ്ടെന്നും ടി കാലയളവിൽ GPAIS പ്രീമിയം തുക അടച്ചിട്ടില്ലാത്തതാണെന്നും ആയത് നിമിത്തം ടിയാളുടെ അവകാശികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

6. GPAIS 2020 വർഷത്തേക്ക് ദീർഘിപ്പിച്ച് നടപ്പാക്കുന്നതിന് ഉത്തരവായ 18/11/2019 ലെ സ.ഉ (അച്ചടി) നം.159/2019/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക (viii) പ്രകാരം 2020 വർഷത്തേയ്ക്കുള്ള പ്രീമിയം 2019 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2019 ഡിസംബർ 31 നകം "8658-102-88-suspense account - GPAI Fund"എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തപരമായി നിക്ഷിപ്തമാണ് എന്നതും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

7. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും രേഖകളും പ്രകാരം, 2019 ഡിസംബർ 31 വരെ (11/2019 ലെ ശമ്പളത്തിൽ നിന്നും) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വിഴിഞ്ഞം സോണൽ ഓഫീസിൽ ഫുൾ ടൈം കണ്ടിജന്റ് നഴ്സറി സ്കൂൾ ടീച്ചർ ആയി സേവനമനുഷ്ഠിച്ചു വരവേ 25.02.2020 ൽ മരണപ്പെട്ട ഇ.വി.വിശ്വജയന്തിയുടെ GPAIS പ്രീമിയം തുക അടവാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ ടിയാൾ GPAIS ൽ അംഗമായിരുന്നത് അനുഭാവപൂർവ്വം പരിഗണിച്ച് ടിയാളുടെ GPAIS തുകയ്ക്ക് അർഹതയുണ്ടോ എന്നത് സർക്കാർ പരിശോധിച്ചിരുന്നു.

8. മരണപ്പെട്ട ഇ. വി.വിശ്വജയന്തിയുടെ നോമിനി അല്ലെങ്കിൽ നിയമാനുസൃതമുള്ള അവകാശി GPAIS ക്ലെയിമിനുള്ള അപേക്ഷ ആദ്യം ഇൻഷ്വറൻസ് വകുപ്പിൽ സമർപ്പിക്കുവാനും, ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ ആയതിൽ ആക്ഷേപമുള്ള പക്ഷം സർക്കാരിലേയ്ക്ക് (ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക്) അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ടിയാളുടെ നോമിനിയെ അറിയിച്ച് കൊണ്ട് പരാമർശം (1) ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. അനിൽകുമാർ, Tharattayil Puthen veedu, Pravachambalam, Pallichal Nemom PO, Thiruvananthapuam 695020.
ശ്രീ. അജിൻ.എ.വി, Tharattayil Puthen veedu, Pravachambalam, Pallichal, Nemom PO, Thiruvananthapuam 695020.
ശ്രീ. അബിൻ.എ.വി, Tharattayil Puthen veedu, Pravachambalam, Pallichal, Nemom PO, Thiruvananthapuam 695020.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(EU3/167/2025-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
സെക്ഷൻ ഓഫീസർ
Date: 21-02-2026 14:59:49